രോദ്ബണമായ ജീവിതം അതിന്റെ എല്ലാ സൗന്ദര്യങ്ങളോടും വൈരുപ്യങ്ങളോടുംകൂടെ ഈ നോവലിൽ തുടിച്ചുനില്ക്കുന്നു. ആഭ്യന്തരയുദ്ധത്തിനുശേഷം, ഡോൺപ്രദേശത്ത് സോഷ്യലിസ്റ്റ് വ്യവസ്ഥിതി നടപ്പിലാവുന്നതും, അന്നോളം കലപ്പകൊണ്ടു മുറിവു തട്ടാത്ത പുൽമൈതാനങ്ങളിൽ (സ്റ്റെപ്പികളിൽ) കൂട്ടുകൃഷിയിടങ്ങൾ ഉയർന്നുവരുന്നതും ചിത്രീകരിക്കുന്ന 'പ്ദന്യാതായത് സെലിന' (ഉഴുതുമറിച്ച കന്നിമണ്ണ്) എന്ന രണ്ടു വാല്യങ്ങളുള്ള അടുത്ത നോവൽ എഴുതാൻ ഷോളഖോവ് നീണ്ട ഇരുപത്തെട്ടു വർഷങ്ങൾ എടുത്തു. കാലത്തിന്റെ അനന്തതയിലൂടെ കണ്ടറിയാൻ കഴിയാത്തവിധം പടർന്നുപന്തലിക്കുന്ന ഒരു വടവൃക്ഷംപോലെ നിശ്ശബ്ദമായ വളർച്ചയാണ് ഷോളഖോവിന്റെ പ്രതിഭ പ്രദർശിപ്പിച്ചത്. വളർച്ചയുടെ ഈ മന്ദഗതി നിമിത്തമാവാം ഷോളഖോവിന്റെ കൃതികൾ അദ്ദേഹമെഴുതിയവയല്ലെന്നും, ആഭ്യന്തരയുദ്ധത്തിൽ മരിച്ച ഒരു പടയാളി എഴുതിവെച്ചിരുന്ന കൈയെഴുത്തുപ്രതികൾ എങ്ങനെയോ കൈവശപ്പെടുത്തിയ ഷോളഖോവ് അല്പസ്വല്പം മാററങ്ങൾമാത്രം വരുത്തി അവ തന്റെ പേരിൽ പ്രസിദ്ധീകരിക്കുകയാണു ചെയ്തതെന്നുമുള്ള അപവാദം ഉത്ഭവിച്ചത്. ഈ അപവാദത്തിന്റെ പ്രചാരകരിൽ പ്രമുഖൻ അലെക്സാൻഡർ സോൾഷെനിത്സിൻ ആണ്. സോൾഷെനിത്സിന്റെ മററാരു റഷ്യൻ വിരുദ്ധ പ്രചാരവേലയായേ ഈ സാഹിത്യചോരണവാദത്തെ ലോകസഹൃദയർ കൈക്കൊണ്ടിട്ടുള്ളു.

സ്റ്റാലിന്റെ മരണത്തിനുശേഷമാണ്, പച്ചയായ റിയലിസം കത്തിനില്ക്കുന്ന ഷോളഖോവിന്റെ കൃതികൾക്ക് സോവ്യററ്യൂണിയനകത്തു മതിപ്പു കൈവന്നത്. ക്രൂഷ്ചേവ് ഷോളഖോവിനെ വളരെയധികം ആദരിക്കുകയും അമേരിക്കയിലേക്കു പോയപ്പോൾ അദ്ദേഹത്തെക്കൂടി ഒന്നിച്ചു കൊണ്ടുപോവുകയുംചെയ്തു. പടിഞ്ഞാറൻ യൂറോപ്പിലും ഷോളഖോവ് പല സന്ദർശനങ്ങൾ നടത്തിയിട്ടുണ്ട്. സോവ്യററ് പാർലമെൻറിലെ അംഗമായും റഷ്യൻ സാഹിത്യകാരസംഘത്തിന്റെ തലവനായും അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. വിപ്ലവാനന്തര റഷ്യയിൽ ഇന്നോളം ഉണ്ടായ സാഹിത്യകാരന്മാരിൽ അഗ്രിമസ്ഥാനം, രണ്ടു നോവലുകളിലൂടെ, ഷോളഖോവ് നേടിയിരിക്കുന്നു. ടോൾസ്റ്റോയിയുടെയും ദസ്തയേവ്സ്കിയുടെയും നോവലുകൾപോലെ ഷോളഖോവിന്റെ നോവലുകളും വീണ്ടും വീണ്ടും വായിക്കപ്പെടുകയും ആസ്വദിക്കപ്പെടുകയും ചെയ്യുമെന്നതിൽ സംശയമില്ല. സാർവലൗകികതയുടെയും സാർവകാലികതയുടെയും മുദ്രകൾ അവയിൽ ആഴത്തിൽ പതിഞ്ഞിരിക്കുന്നു.

(23 ഫെബ്രുവരി, 1984)

## 122. ബിധുഭൂഷൺ ദാസ് ഗുപ്ത

ശ്രീ ബിധുഭൂഷൺ ദാസ് ഗുപ്ത അന്വേഷിച്ചുവന്നപ്പോൾ ഞാൻ ആഫീസിലുണ്ടായിരുന്നില്ല. അദ്ദേഹത്തെപ്പററി ആഫീസിലുള്ളവർ പിന്നീടു പറഞ്ഞതിൽനിന്ന് ഏതോ ഒരു സർവോദയക്കാരൻ വന്നിരുന്നു എന്നു മാത്രമേ ധരിച്ചുള്ളു. ഒടുവിൽ, ടൗൺഹാളിൽ ഒരു ചർച്ചയുടെ നടുവിൽവെച്ചാണ് അദ്ദേഹത്തെ കാണാൻ എനിക്ക് അവസരം കിട്ടിയത്. ചർച്ചയിൽ ഞാൻ ഏറെക്കുറെ മുഴുകിയിരിക്കുകയായിരുന്നു. അദ്ദേഹത്തിനാകട്ടെ, അരമണിക്കൂറിനകം സ്റ്റേഷനിലെത്തുന്ന തീവണ്ടിയിൽ നഗരം

വിടേണ്ടിയുമിരുന്നു. അന്യകാര്യവ്യഗ്രതയും ബഹളവും ധൃതിയും നിറഞ്ഞുനിന്ന ആ അന്തരീക്ഷത്തിൽ അർത്ഥവത്തായ സംഭാഷണം സാദ്ധ്യമായിരുന്നില്ല. ഭാരതീയഭാഷകൾ ഇംഗ്ലീഷ്മീഡിയത്തിലൂടെ പഠിക്കാൻ ഉദ്ദേശിച്ചുള്ള ഏതാനും 'സ്വബോധിനി'കളും ഒരു ഹിന്ദി–ബംഗാളി–ഇംഗ്ലീഷ് നിഘണ്ടുവും ശ്രീ ദാസ് ഗുപ്ത എനിക്കു കാണിച്ചുതന്നു. ഈ സ്വബോധിനികളുടെ മാതൃകയിൽ ഒരു മലയാളം സ്വബോധിനി, വിനോബാജിയുടെ ആശ്രമത്തിൽ താമസിക്കുന്ന ശ്രീ എസ്. വി. ഗോവിന്ദന്റെ സഹായത്തോടെ താൻ തയ്യാറാക്കിയിട്ടുണ്ടെന്നും അതു് അച്ചടിപ്പിക്കുന്നതിൽ സഹായിക്കണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു. സർവോദയപ്രവർത്തകനായ താൻ കഴിഞ്ഞ ഇരുപത്തഞ്ചു വർഷമായി ഭാരതീയഭാഷകൾ തമ്മിൽ സമ്പക്ം സ്ഥാപിക്കുന്നതിനു് യത്നിച്ചുവരികയാണെന്നു്, പലതിന്റെയും കൂട്ടത്തിൽ, ഉദാസീനമായി, അദ്ദേഹം പറഞ്ഞു. ഈ സന്ദർശനം അഞ്ചു മിനിററിലധികം നീണ്ടുനിന്നിരിക്കയില്ല.

എങ്കിലും, ഇരുപത്തഞ്ചു വർഷത്തെപ്പററി അദ്ദേഹം പറഞ്ഞതു് എന്റെ മനസ്സിൽ തറച്ചുനിന്നു. ശ്രീ ബിധുഭൂഷൺ ദാസ് ഗുപ്തയ്ക്കു്, കാഴ്ചയിൽ ഏതാണ്ടു് അമ്പതു വയസ്സേ തോന്നൂ. ജീവിതത്തിന്റെ അതിപ്രധാനമായ ഭാഗം അദ്ദേഹം സമർപ്പിച്ചതു വ്യത്യസ്തങ്ങളായ ഇന്ത്യൻ ഭാഷകൾ സംസാരിക്കുന്നവർ തമ്മിൽ നേരിട്ടു് ആശയവിനിമയം സാദ്ധ്യമാക്കുന്ന ഒരു സംവിധാനം നിർമിക്കുന്നതിനാണല്ലോ എന്ന ചിന്ത എന്നെ വിടാതെ പിടികൂടി. എന്റെ ദീർഘകാല സ്വപ്നങ്ങളിലൊന്നാണു് ഇത്തരമൊരു സംവിധാനം. ഞാൻ ആഗ്രഹിച്ചിരുന്നതു യാഥാർത്ഥ്യമാക്കിത്തീർക്കുവാൻ ജീവിതം സമർപ്പിക്കുകയും ആ രംഗത്തു് ഒട്ടേറെ സാഫല്യം ഇതിനകം കൈവരിക്കുകയുംചെയ്ത ഒരാൾ, ഇതാ, ഇവിടെ!

ചരിത്രാതീതകാലംമുതൽ എത്രയോ വ്യത്യസ്ത ജനവിഭാഗങ്ങൾ ഇന്ത്യയിലേക്കു നിരന്തരം പ്രവഹിച്ചിട്ടുണ്ടു്. 'ഭാരതീയത' എന്നു വിളിക്കാവുന്ന അനിർവചനീയമായ എന്തോ ഒന്നു് ഇവരെല്ലാം കാലക്രമേണ ഉൾക്കൊള്ളുകയുണ്ടായി. എങ്കിലും സ്വന്തമായ ഭാഷയും ആചാരങ്ങളും പുലർത്തുന്നതിനുള്ള സ്വാതന്ത്ര്യം ഏതു കാലത്തും ഇവർക്കെല്ലാമുണ്ടായിരുന്നു. ഇതിന്റെ ഫലമായി വിഭിന്ന ഗോത്രങ്ങളിൽപ്പെട്ട ഒട്ടുവളരെ ഭാഷകൾ ഈ രാജ്യത്തു നിലനിൽക്കുന്നുണ്ടു്. ഇവയിൽ ചിലതിനു് അത്യന്തം സമ്പന്നമായ സാഹിത്യസമുച്ചയമുണ്ടു്; പലതിനും സ്വന്തമായ ലിപിയോ, ലിഖിതസാഹിത്യമോ ഇല്ല. ഇങ്ങനെ വളർച്ചയെ സംബന്ധിച്ചിടത്തോളം അത്യന്തം അസമങ്ങളെങ്കിലും, ഈ ഭാഷകൾ ഓരോന്നും അതു സംസാരിക്കുന്ന ജനവിഭാഗത്തിന്റെ സംസ്കാരവും ജീവിതവീക്ഷണവും ലോകാനുഭവവും പ്രതിഫലിപ്പിക്കുന്നു. ഈ ജനവിഭാഗങ്ങളെ മനസ്സിലാക്കുന്നതിനു മാത്രമല്ല, സ്വന്തം മനോമണ്ഡലത്തെ വിശാലമാക്കുന്നതിനും ഈ ഭാഷകളുടെ പഠനം ഉപകരിക്കുന്നു. ഇന്ത്യയിൽ അഭ്യസ്തവിദ്യനെന്നു് അഭിമാനിക്കുന്ന ആരും, സ്വന്തം മാതൃഭാഷയ്ക്കു പുറമെ നാലോ, അഞ്ചോ ഭാരതീയഭാഷകളെങ്കിലും സാമാന്യമായി അറിഞ്ഞിരിക്കേണ്ടതാണു്.

ഇന്ത്യയിലെ ഭാഷകളിൽ പ്രധാനപ്പെട്ട പതിന്നാലെണ്ണം ഭരണഘടനയിലെ പട്ടികയിൽ ഉൾക്കൊള്ളിക്കപ്പെട്ടു. ഇവയിലൊന്നു് നമ്മുടെ സ്റ്റേററുകളുടെ ഭരണഭാഷയും, ഹിന്ദി കേന്ദ്രഗവണ്മെൻറിന്റെ ഭരണഭാഷയും സ്റ്റേററുകളും കേന്ദ്രവും തമ്മിലും സ്റ്റേററുകൾ തമ്മിൽത്തമ്മിലുമുള്ള സമ്പർക്കത്തിന്റെ ഭാഷയും, ആയിത്തീരുമെന്നാണു പ്രതീക്ഷിക്കപ്പെട്ടിരുന്നതു്. ഈ പ്രതീക്ഷ ഇനിയും നിറവേറിയിട്ടില്ല. ബ്രിട്ടീഷുകാരുടെ കാലത്തു് ഇന്ത്യയുടെ ഭരണഭാഷയും വിദ്യാഭ്യാസഭാഷയും സംസ്കാരഭാഷ

യുമായി വർത്തിച്ച ഇംഗ്ലീഷ് അതിന്റെ സ്ഥാനം ഭാരതീയഭാഷകൾക്ക വിട്ടുകൊടുക്കാൻ ഇനിയും സന്നദ്ധമായിട്ടില്ല. വളച്ചുകെട്ടാതെ പറഞ്ഞാൽ, ഇന്ത്യയിലെ മേധാവിവർഗത്തിന്റെ മനസ്സിൽ ഇംഗ്ലീഷ് ഭക്തി ഇന്നും അക്ഷുണ്ണമായി വർത്തിക്കുന്നു. ഇംഗ്ളീഷിന്റെ പ്രാധാന്യം നിലനിർത്തണമെന്നു കേന്ദ്ര ധനകാര്യമന്ത്രി ശ്രീ വെങ്കിട്ടരാമൻ പ്രസ്താവിച്ചതു് ഈയിടെയാണു്. മന്ത്രിയുടെ മനോഭാവം ഇതാണെങ്കിൽ, ഉദ്യോഗസ്ഥവർഗത്തിന്റെ നിലപാടു മനസ്സിലാക്കാവുന്നതേയുള്ളു.

ഇന്ത്യയെപ്പോലെയുള്ള ഒരു ബഹുഭാഷാരാഷ്ട്രത്തിൽ ഒരു ഭാഷ അതും ഒരു വിദേശഭാഷ, മേധാവിത്തം പുലർത്തുന്നതിന്റെ ഫലങ്ങൾ ദാരുണങ്ങളും ചിരസ്ഥായികളുമാണു്. പഠിപ്പുള്ളവർ സ്വന്തം മാതൃഭാഷയെ ആദരിക്കുന്നില്ലെന്നു മാത്രമല്ല, അതിനോടു് അനാദരം പ്രകടിപ്പിക്കുന്നതു് 'ആഢ്യത'യുടെ ഒരംശമാക്കുകകൂടിചെയ്തിരിക്കുന്നു. ഇതിന്റെ തിരിച്ചടിയാണു്, ചില വിഭാഗങ്ങൾക്കിടയിൽ കാണുന്ന അന്ധമായ മാതൃഭാഷാപ്രേമം. അന്ധമാകയാൽ ഇതു് ആക്രമണോന്മുഖംകൂടിയാണു്. കേന്ദ്ര സമ്പർക്കഭാഷയായി നിർദേശിക്കപ്പെട്ട, ഇനിയും ആ നില കൈവരാത്ത, ഹിന്ദിയോടു മാത്രമല്ല, തൊട്ടയൽപ്രദേശങ്ങളിലെ ഭാഷകളോടും കടുത്ത വൈരാഗ്യം പുലർത്തുന്നവർ ഇന്ത്യയിൽ ഇന്നു കുറവല്ലെങ്കിൽ, അതിനുള്ള മുഖ്യകാരണം പ്രാദേശികഭാഷകൾക്കു് അവകാശപ്പെട്ട രംഗങ്ങളിൽ ഇനിയും പ്രതിഷ്ഠ ലഭിച്ചിട്ടില്ലെന്നതാണു്. ആസ്സാമിന്റെ പൊതുജീവിതത്തിൽ അസമിയഭാഷയ്ക്കു് ന്യായമായും ലഭിക്കേണ്ട സ്ഥാനം കിട്ടിക്കഴിയുന്നതോടെ ആസ്സാംകാർക്കു് ബംഗാളിയോടുള്ള വിരോധം അപ്രത്യക്ഷമാകുന്നതായിരിക്കും. അതുപോലെ, തമിഴ്നാട്ടിൽ ഇംഗ്ലീഷ് ഇന്നും കൈയടക്കിവെച്ചിട്ടുള്ള പദവി തമിഴിനു നല്കപ്പെട്ടാൽ, ഹിന്ദിയോടോ, മറ്റേതെങ്കിലും ഭാഷയോടോ, വൈരം പുലനുത്താള്ള ഒരു കാരണവും തമിഴനു് ഉണ്ടായിരിക്കയില്ല.

ഏതെങ്കിലുമൊരു ഭാഷയുടെ മേധാവിത്വമല്ല, എല്ലാ ഭാഷകളുടെയും സഹവർത്തിത്വമാണു്, ഇന്ത്യയിലെ ഭാഷാപ്രശ്നത്തിന്റെ പരിഹാരം. തങ്ങൾക്കവകാശപ്പെട്ട മണ്ഡലങ്ങളിൽ ഈ ഭാഷകൾ ഓരോന്നിനും യഥോചിതമായ സ്ഥാനം നൽകപ്പെടണം. ഭരണഘടനയിൽ പേരെടുത്തുപറയാത്ത ഭാഷകളുടെ കാര്യത്തിലും ഈ തത്ത്വം പ്രസക്തമാകുന്നു. പ്രാഥമികവിദ്യാഭ്യാസം മാതൃഭാഷയിലൂടെ നേടാനുള്ള ഓരോ ശിശുവിന്റെയും ജന്മാവകാശത്തെ നാം മാനിച്ചേ മതിയാവൂ. സെക്കണ്ടറി—കോളേജ്തലങ്ങളിൽ വിദ്യാഭ്യാസവും സംസ്ഥാനഭരണവും പൂർണമായും പ്രമുഖപ്രാദേശികഭാഷയിലൂടെ നിർവഹിക്കപ്പെടണം. ഈ രംഗങ്ങളിലും ന്യൂനപക്ഷഭാഷകൾക്ക മതിയായ സംരക്ഷണം ലഭിക്കണം. തങ്ങളുടെ മാതൃഭാഷയിൽ സർക്കാരിലേക്ക നിവേദനങ്ങൾ സമർപ്പിക്കാനും സർക്കാരിൽനിന്നു മറുപടി ലഭിക്കാനും ന്യൂനപക്ഷങ്ങൾക്ക സാധിക്കണം. കേന്ദ്രഗവണ്മെൻറിന്റെ പ്രവർത്തനം സംസ്ഥാനങ്ങളിൽ ഹിന്ദി, പ്രാദേശികഭാഷ എന്നീ രണ്ടു മാദ്ധ്യമങ്ങളിലൂടെയും കേന്ദ്രത്തിൽ ഹിന്ദിയിലൂടെയും നിർവഹിക്കപ്പെടണം. ഇതിനുപുറമെ, അന്താരാഷ്ട്രസമ്പർക്കത്തിന്റെയും ആധുനികവിജ്ഞാനത്തിന്റെയും ലോകവാണിജ്യത്തിന്റെയും ഭാഷയെന്ന നിലയിൽ ഇംഗ്ളീഷിനും നമ്മുടെ ജീവിതത്തിൽ സ്ഥാനമുണ്ടായിരിക്കണം.

'ഭാഷകളുടെ സഹവർത്തിത്വം' എന്നതുകൊണ്ടു് ഉദ്ദേശിക്കുന്നതു് ഇതാണു്. രാഷ്ട്രീയമായി നോക്കിയാൽ ഇതാണു്, ഇതായിരിക്കണം ഇന്ത്യയുടെ ഭാഷാപരമായ ദീർഘകാലലക്ഷ്യം. എന്നാൽ, സാംസ്കാരികപ്രവർത്തകരെ സംബന്ധിച്ചിടത്തോളം പരമമായ ലക്ഷ്യം ഇതിൽ കവിഞ്ഞ ഒന്നാണു്. 'ഭാഷകളുടെ സാഹോദര്യം' എന്നു് ആ

ലക്ഷ്യത്തെ നമുക്കു വിളിക്കാം. ഭാഷകൾ തമ്മിൽത്തമ്മിൽ കൊടുക്കാനും വാങ്ങാനും കഴിയുമാറ് ആഭിമുഖ്യം സ്ഥാപിച്ചു നിലനിർത്തലാണ് ഇവിടെ ഉദ്ദിഷ്ടം.

ഇന്ത്യയിൽ വളരെ ഭാഷകൾ പ്രചരിക്കുന്നുണ്ടെങ്കിലും, അവ മുഖ്യമായും മൂന്നോ, നാലോ ഗോത്രങ്ങളിൽപ്പെട്ടവയാണ്. ഒരു ഗോത്രത്തിൽപ്പെട്ട ഒരു ഭാഷ ശരിക്കു പഠിച്ച ഒരാൾക്ക്, അതേ ഗോത്രത്തിലെ മററു ഭാഷകൾ മനസ്സിലാക്കാൻ വേണ്ട പരിജ്ഞാനം നേടുക പ്രയാസമുള്ള കാര്യമല്ല. ഉദാഹരണത്തിന്, അയൽസംസ്ഥാനങ്ങളിലെ മുഖ്യഭാഷകളായ തമിഴും കന്നഡവും വായിച്ചും കേട്ടും ഉൾക്കൊള്ളാൻ വേണ്ട അറിവ്, ഏതാനും ആഴ്ചകളിലെ പരിശ്രമത്തിലൂടെ അഭ്യസ്തവിദ്യനായ ഒരു മലയാളിക്കു നേടാൻ കഴിയും. അതുപോലെ, ഹിന്ദി ശരിക്കു പഠിച്ചുകഴിഞ്ഞാൽ ബംഗാളിയോ, മറാഠിയോ, ഗുജറാത്തിയോ, പഞ്ചാബിയോ പഠിക്കാനും ഏതാനും ആഴ്ചകൾ മതിയാവും. ഒരേ ഗോത്രത്തിൽപ്പെട്ട രണ്ടു ഭാഷകളെ പരസ്പരം അകററുന്ന ഘടകങ്ങളിൽ പ്രധാനപ്പെട്ടതു് അവയുടെ വ്യത്യസ്ത ലിപികളാണ്. യൂറോപ്പിനു് റോമൻ ലിപിപോലെ ഇന്ത്യാ ഉപഭൂഖണ്ഡത്തിനു് ഒരു പൊതുലിപി ഇല്ലാതെ പോയതു നമ്മുടെ നിർഭാഗ്യമാവുന്നു. അതിനാൽ, നമ്മുടേതല്ലാത്ത ഏതാനും ഭാഷകളുടെ ലിപികൾക്കൂടെ പഠിക്കാൻ നാം നിർബന്ധിതരായിരിക്കുന്നു.

സാധാരണപൗരന്മാർ, ഒരു മര്യാദയെന്ന നിലയ്ക്കെങ്കിലും, തൊട്ടടുത്ത സ്റ്റേററുകളിലെ ഭാഷ വായിച്ചും കേട്ടും അറിയാൻ വേണ്ട പരിജ്ഞാനം ആർജിക്കണം. സാംസ്കാരികപ്രവർത്തകരാകട്ടെ, മൂന്നോ, നാലോ ഭാരതീയ ഭാഷാസാഹിത്യങ്ങളുമായി നിരന്തരസമ്പർക്കം പുലർത്തണം. മലയാളത്തിലെ ഒരെഴുത്തുകാരൻ ഇന്നു് എഴുതുന്നതു മലയാളികൾക്കുവേണ്ടിമാത്രമല്ല. തമിഴനും തെലുങ്കനും ഗുജറാത്തിയും ബംഗാളിയും മലയാളത്തിലെ എഴുത്തുകാരന്റെ വായനക്കാരാണ്; വായനക്കാരനാവേണ്ടതാണ്. അന്യഭാഷാഭാഷികളായ ഈ 'ഉറങ്ങിക്കിടക്കുന്ന' വായനക്കാരെപ്പററി മലയാളത്തിലെ എഴുത്തുകാരൻ മനസ്സിലാക്കേണ്ടതില്ലേ? മലയാളത്തിലെ മാത്രമല്ല, ഇന്ത്യയിലെ എല്ലാ ഭാഷകളിലെയും എഴുത്തുകാരെ സംബന്ധിക്കുന്ന ഒരു വസ്തുതയാണിതു്. ഇന്ത്യയിലെ എഴുത്തുകാരൻ എല്ലാ ഇന്ത്യാക്കാർക്കുംവേണ്ടി എഴുതേണ്ടിയിരിക്കുന്നു. അതിനു് ഇന്ത്യക്കാരെപ്പററി, അവരിലോരോ വിഭാഗത്തിന്റെയും സാംസ്കാരിക പൈതൃകത്തെപ്പററി മനസ്സിലാക്കേണ്ടതുണ്ടു്.

ശ്രീ ബിധുഭൂഷൺ ദാസ്ഗുപ്തയുടെ സേവനം ഈ രംഗത്തിലാണ്. സ്വപ്രയത്നത്തിലൂടെ ഭാരതീയഭാഷകൾ പഠിക്കാനാഗ്രഹിക്കുന്നവർക്കു പററിയ പാഠപുസ്തകങ്ങൾ തയ്യാറാക്കി പ്രസിദ്ധപ്പെടുത്താൻ 'ദാസ്ഗുപ്ത പ്രകാശൻ' എന്ന ഒരു സ്ഥാപനം (സി—15, കോളേജ് സ്ട്രീററ് മാർക്കററ്, കൽക്കത്ത—7) അദ്ദേഹം ഉണ്ടാക്കിയിരിക്കുന്നു. മുപ്പത്തഞ്ചോളം പുസ്തകങ്ങൾ ഈ സ്ഥാപനം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. ഇംഗ്ലീഷ് മാദ്ധ്യമത്തിലൂടെ ബംഗാളി, ഹിന്ദി, നേപ്പാളി, അസമിയ, ഒഡിയ, മറാഠി, പഞ്ചാബി, ഗുജറാത്തി, ഉർദ്ദു എന്നിവ പഠിക്കാനുള്ളവയാണ് ഇവയിൽ ഒമ്പതു പുസ്തകങ്ങൾ. ബംഗാളി, അസമിയ എന്നിവയിലൂടെ ഹിന്ദിയും, ഹിന്ദി, ഗുജറാത്തി, മറാഠി, നേപ്പാളി എന്നിവയിലൂടെ ബംഗാളിയും ഹിന്ദിയിലൂടെ അസമിയയും പഠിക്കുന്നതിനുള്ളവയാണു മററു ചില പുസ്തകങ്ങൾ. ഈ 'സ്വബോധിനി'കളോടൊപ്പം ഉപയോഗിക്കാവുന്ന കോപ്പിപ്പുസ്തകങ്ങൾ, സാഹിത്യപാഠങ്ങൾ, വ്യാകരണങ്ങൾ, ത്രിഭാഷാനിഘണ്ടുക്കൾ, ത്രിഭാഷാശബ്ദാവലികൾ മുതലായവ മററു പ്രസിദ്ധീകരണങ്ങളിൽപ്പെടുന്നു.

ഇന്ത്യയുടെ രാഷ്ട്രീയോദ്ഗ്രഥനത്തിന്റെ അസ്ഥിവാരം നിർമിക്കുന്നതിലാണ് ശ്രീ ബിധുഭൂഷൺ ദാസ് ഗുപ്ത ഏർപ്പെട്ടിരിക്കുന്നത്. കെട്ടിടം ഉയർന്നുവരുന്നതോടെ അസ്ഥിവാരം മണ്ണിനടിയിൽ മറയുന്നു. കെട്ടിടത്തിന്റെ ഗാംഭീര്യവും ഭംഗിയും കാണുന്നവർ അസ്തിവാരത്തെപ്പററി ഓർത്തേക്കുകയില്ല. ഭാരതീയസംസ്കാരത്തിന്റെ ഭാവിചരിത്രകാരന്മാർ ശ്രീ ദാസ് ഗുപ്തയുടെ സംഭാവന കാണാതെപോയേക്കാം. പക്ഷേ, അദ്ദേഹത്തിന്റെ ആയുഷ്കാലസേവനത്തെ പ്രകീർത്തിക്കേണ്ടതു് എന്റെ കടമയാണെന്നു് എനിക്കു തോന്നുന്നു. ലക്ഷ്യബോധവും അർപ്പണമനോഭാവവുമുള്ള ഒരു സാധാരണവ്യക്തിക്കു് എന്തു ചെയ്യാൻ കഴിയുമെന്നു് ശ്രീ ബിധുഭൂഷൺ ദാസ് ഗുപ്ത എനിക്കു കാട്ടിത്തന്നു.

(5 സെപ്തംബർ, 1980)

# 123. നിക്കോലായ് ഗ്രുണ്ഡ്ട്വിഗ്

ഡെന്മാർക്കിലെ ജനകീയവിദ്യാലയ (ഫോക് ഹൈസ്കൂൾ) പ്രസ്ഥാനത്തിനു ജന്മംനൽകിയ നിക്കോലായ് ഗ്രുണ്ഡ്ട്വിഗിന്റെ ഇരുനൂറാം പിറന്നാൾ ഇക്കഴിഞ്ഞ സെപ്തംബർ മാസത്തിൽ ലോകത്തിന്റെ പല ഭാഗങ്ങളിലും ആഘോഷിക്കപ്പെടുകയുണ്ടായി. അനൗപചാരിക വിദ്യാഭ്യാസത്തിന്റെ ചരിത്രത്തിൽ ഉജ്ജ്വലമായ ഒരു അദ്ധ്യായം രചിച്ച ഗ്രുണ്ഡ്ട്വിഗിനെപ്പററിയും, അദ്ദേഹം സ്ഥാപിച്ച ജനകീയവിദ്യാലയങ്ങളെപ്പററിയും നാം കൂടുതൽ മനസ്സിലാക്കേണ്ടതുണ്ടു്.

പുരോഹിതനും കവിയും ചരിത്രകാരനും വിദ്യാഭ്യാസപരിഷ്കർത്താവും ദേശീയവാദിയും എല്ലാമായിരുന്നു എൻ. എഫ്. എസ്. ഗ്രുണ്ഡ്ട്വിഗ്. അദ്ദേഹത്തിന്റെ പിതാവു് ഒരു യാഥാസ്ഥിതിക ലൂഥറൻ പുരോഹിതനായിരുന്നു. ഉയർന്ന ഒരു പഴയ തറവാട്ടിൽ പിറന്ന അമ്മയിൽനിന്നു് ഗ്രുണ്ഡ്ട്വിഗ് ക്രിസ്തീയവിശ്വാസത്തോടൊപ്പം ജനകീയസംസ്കാരത്തോടുള്ള ആദരവും ഉൾക്കൊണ്ടു.

രണ്ടു നൂററാണ്ടുകൾക്കുമുമ്പു് ഡെൻമാർക്കിലെ കവികളും ശാസ്ത്രജ്ഞന്മാരും വിദ്യാഭ്യാസപ്രവർത്തകരും, എല്ലാം യത്നിച്ചിരുന്നതു് അഭിജാതവർഗത്തെ ആഹ്ളാദിപ്പിക്കാനായിരുന്നു, ഗ്രുണ്ഡ്ട്വിഗ് ആകട്ടെ, ഡെൻമാർക്കിലെ സാധാരണ ജനങ്ങൾക്കു വേണ്ടിയുള്ള കവിത എഴുതാനാണ് ആഗ്രഹിച്ചതു്. ഡെൻമാർക്കിലെ ഗ്രാമീണകർഷകരുടെ ഭാഷയിൽ ഏതാനും ഗ്രന്ഥങ്ങൾ എഴുതി പ്രസിദ്ധീകരിച്ചതോടെ ഗ്രുണ്ഡ്ട്വിഗിനു് ഒരു കാര്യം മനസ്സിലായി. ആർക്കുവേണ്ടി താൻ എഴുതുന്നുവോ ആ കർഷകരിൽ ഭൂരിഭാഗത്തിനും തന്റെ പുസ്തകങ്ങൾകൊണ്ടു് ഒരു പ്രയോജനവുമില്ല; കാരണം, അവർക്കു വായിക്കാൻ അറിഞ്ഞുകൂടാ.

## മുതിർന്നവരെ പഠിപ്പിക്കുക

മുതിർന്നവർക്കു സൗജന്യമായി വിദ്യാഭ്യാസം നൽകുന്ന വിദ്യാലയങ്ങളുടെ ആവശ്യകതയെപ്പററി ഗ്രുണ്ഡ്ട്വിഗ് ബോധവാനായതു് അങ്ങനെയാണു്. സാധാരണജനങ്ങളുടെ സംസ്കാരത്തിൽ അദ്ദേഹത്തിനു മുമ്പേ ആദരവുമുണ്ടായിരുന്നു. സ്വന്തം സ്ഥിതിയെപ്പററി ബോധവും പൗരധർമ്മങ്ങളിലും മനുഷ്യബന്ധങ്ങളിലും പരിശീലനവും രാജ്യത്തിന്റെ ആവശ്യങ്ങളെക്കുറിച്ച് അറിവും മുതിർന്ന സാധാരണക്കാർക്കു നൽകുന്ന ഒരു